# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.177 | 08/12/2014 ൽ മറുപടിക്ക് |
|---|---|

### അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ്<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | ഒരു വിഭാഗം സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നതായുള്ള റിപ്പോർട്ടുകൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഏതെങ്കിലും പ്രത്യേകവിഭാഗം സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സർക്കാർ സംവിധാനത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | സർക്കാർ സംവിധാനത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കണ്ടുവരുന്ന അഴിമതി, കെടുകാര്യസ്ഥത എന്നിവ നിയന്ത്രിക്കുന്നതിന് ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും സർക്കാരും കാലാകാലങ്ങളിൽ നൽകുന്നുണ്ട്. |
| (സി) | ഭരണ നിർവ്വഹണത്തിലെ കൊള്ളരുതായ്മകളും കെടുകാര്യസ്ഥതയും നിയന്ത്രിക്കുന്നതിൽ വന്ന പോരായ്മയാണിതിന്റെ കാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | | |
| (ഡി) | അഴിമതിക്കാരായ ഉദ്യോഗസ്ഥരെ വകുപ്പുകളുടെ നേതൃസ്ഥാനത്ത് നിയോഗിക്കാതിരിക്കാനും മറ്റു സ്ഥാനങ്ങളിൽ നിന്നും നീക്കംചെയ്യാനും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; തെറ്റായ രീതിയിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കിയെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടാൽ ഉടൻ ചോദ്യം ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഉന്നതർക്കെതിരെയുള്ള ഇന്റലിജൻസ് റിപ്പോർട്ട് ഗൗരവമായി പരിഗണിക്കുമോ ? | (ഡി) | ഉദ്യോഗസ്ഥന്മാരെ പ്രധാനപ്പെട്ട തസ്തികകളിൽ നിയമിക്കുന്നതിന് മുമ്പ് നിർബന്ധമായും വിജിലൻസ് കേസോ, അന്വേഷണമോ ടിയാനെതിരെ നിലവിലുണ്ടോ എന്ന് പരിശോധിക്കാൻ വിജിലൻസിനോട് ആവശ്യപ്പെടുകയും അതിനനുസരിച്ച് വിജിലൻസ് ക്ലിയറൻസ് ലഭിച്ച ശേഷവുമാണ് നിയമനം സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നത്. ഈ വിഷയത്തിൽ കാലാകാലങ്ങളിൽ സർക്കാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ തെറ്റായ രീതിയിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടാലോ അഴിമതി ആരോപണമുണ്ടായാലോ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ